# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3224

## 11-05-2017 ൽ മറുപടിക്ക്

## കിഫ്ബിയുടെ ആസ്തി

| ചോദ്യം<br>ശ്രീ. സി. മമ്മൂട്ടി | മറുപടി<br>ശ്രീ. ടി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ നാളിതുവരെയുള്ള ആസ്തി എത്രയെന്ന് പറയാമോ; എവിടെ നിന്നൊക്കെ ഫണ്ട്/ഇൻവെസ്റ്റ്മെന്റ് ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്;<br><br>(ബി) പുതുതായി എവിടെ നിന്നൊക്കെ നിക്ഷേപങ്ങൾ ലഭ്യമാകുമെന്നാണ് കരുതുന്നത്; ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | 2015-16, 2016-17 വർഷങ്ങളിൽ ബജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പിലാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന തുകയിൽ അവശേഷിച്ച 2498.41 കോടി രൂപ കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടി എന്ന നിലയിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മേൽ സൂചിപ്പിച്ച ഭേദഗതി ചെയ്ത കിഫ് ആക്റ്റിലെ ഖണ്ഡിക 7 പ്രകാരം, മുൻ വർഷത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനമായ 281.43 കോടി രൂപയും, പെട്രോളിയം ഉൽപന്നങ്ങളിന്മേലുള്ള മുഴുവൻ സെസ് തുകയായ 448.1 കോടി രൂപയും ഉൾപ്പെടെ ആകെ 3227.94 കോടി രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. ഇതിനു പുറമെ ജനറൽ ഒബ്ലിഗേഷൻ ബോണ്ട്സ്, റവന്യൂ ഒബ്ലിഗേഷൻ ബോണ്ട്സ്, വാണിജ്യ / സഹകരണ ബാങ്കുകളിൽ നിന്ന് ടേം ലോൺ നൂതന ധനസമാഹരണ സംവിധാനങ്ങളായ InVIT, AIF, IDF എന്നിവ വഴി ധനസമാഹരണത്തിനുള്ള മാർഗങ്ങളും കിഫ്ബിയുടെ പരിഗണനയിലാണ്. അംഗീകരിക്കപ്പെട്ട പദ്ധതികളുടെ നിർവ്വഹണ പ്രവർത്തനങ്ങൾ ഇപ്പോൾ പ്രാരംഭഘട്ടത്തിലായതിനാൽ നിലവിലെ ഫണ്ട് പര്യാപ്തമാണ്. ഫണ്ട് കൂടുതലായി ആവശ്യമായി വരുന്ന മുറയ്ക്ക് ടി മാർഗങ്ങളിൽ അനുയോജ്യമായവ അവലംബിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ